# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 637</u> <u>13.06.2012-ൽ മറുപടിക്ക്</u>

## <u>നാഷണൽ റൂറൽ ഹെൽത്ത് മിഷൻ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാനത്ത് 2011-2012-ൽ എത്ര തുകയാണ് അനുവദിച്ചത് ; | (എ) എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം 2011-12 വർഷം 224.66 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. |
| (ബി) 2011-2012-ൽ പഞ്ചായത്തുകൾക്ക് പ്രസ്തുത മിഷൻ എത്ര തുകയാണ് നൽകിയത് ,; പ്രസ്തുത തുകയുടെ വിനിയോഗം തൃപ്തികരമാണോ ; | (ബി) സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് താഴെയുള്ള 19560 വാർഡുകൾക്കായി 10,000 രൂപ വീതം 2011-12 കാലയളവിൽ 19.56 കോടി രൂപ നൽകിയിട്ടുണ്ട്. ഇത് വാർഡ്തല ആരോഗ്യശുചിത്വകമ്മിറ്റിക്ക് പരിസര ശുചീകരണം, പൊതുജനാരോഗ്യ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായാണ് നൽകിയത്. ഇതിൽ 12.60 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട്. |
| (സി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ ? | (സി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്രാനുമതിയ്ക്ക് വിധേയമായി ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ